**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** **14-10-2024 - ൽ മറുപടിയ്ക്ക്**

**തൃക്കാക്കര മണ്ഡലത്തിലെ ഡെങ്കിപ്പനി വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ, തൃക്കാക്കര മണ്ഡലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഉയർന്നതോതിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡെങ്കിപ്പനി പടരുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ തൃക്കാക്കര മണ്ഡലത്തിൽ ഡെങ്കിപ്പനി വ്യാപനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ്, തൃക്കാക്കര മുൻസിപ്പാലിറ്റിയുമായി ചേർന്നുകൊണ്ട് പ്രതിരോധപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ഡി.വി.സി യൂണിറ്റ് സോണൽ എന്റമോളജി യൂണിറ്റിന്റെ നേതൃത്വത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങളും വെക്ടർ സർവ്വേയും നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കേസുകൾ കൂടുതലായ സ്ഥലങ്ങളിൽ ഫീൽഡ് സ്റ്റാഫിന്റെ നേതൃത്വത്തിൽ ഉറവിട നശീകരണ പ്രവത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. നാളിതുവരെ, സംശയിക്കുന്ന 296 ഡങ്കി പനി കേസുകളും, സ്ഥിരീകരിച്ച 101 ഡങ്കി പനി കേസുകളും 4 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേസുകൾ വർദ്ധിക്കുന്ന സമയങ്ങളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപന യോഗം ജൂൺ, ആഗസ്റ്റ് മാസങ്ങളിൽ കൂടുകയും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, ആയുഷ്, ഹോമിയോ എന്നീ വകുപ്പുകളിൽ നിന്നും ചികിത്സയെടുക്കുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ജില്ലയിലെ ഡെങ്കി പ്രതിരോധ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ വിലയിരുത്താനും ഇതുവഴി നിർദ്ദേശങ്ങൾ നൽകുവാനും "ശ്രദ്ധ" എന്ന വാട്ട്സാപ്പ് ഗ്രൂപ്പ് തുടങ്ങിയിട്ടുണ്ട്. ബോധവൽക്കരണം ജനങ്ങളിലേക്കെത്തിക്കാൻ വിവിധ തരത്തിലുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, നവമാധ്യമങ്ങളിലൂടെയുള്ള വീഡിയോകൾ എന്നിവ നൽകിയിട്ടുണ്ട്. ഇതോടൊപ്പം പത്രങ്ങളിലൂടെയും ആകാശവാണി എഫ്.എം എന്നിവ വഴിയും റേഡിയോ ടോക്കുകളും നൽകിയിട്ടുണ്ട്. ഡ്രൈഡേ ദിനാചരണം എല്ലാ സ്ഥലങ്ങളിലും ഞായറാഴ്ച വീടുകളിലും വെള്ളി, |

| | | | |
|---|---|---|---|
| | | | ശനി ദിവസങ്ങളിൽ സ്കൂളുകളിലും നടത്തിവരുന്നുണ്ട്. കൊച്ചി കോർപ്പറേഷനിലെ വിവിധ ഡിവിഷനുകളിൽ കൂത്താടി ഭോജി മത്സ്യങ്ങളെ വളർത്തുന്നതിന് ഡിവിസി യൂണിറ്റിന്റെ നേതൃത്വത്തിൽ ബോധവൽക്കരണം നൽകി ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. മരണങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ടി എല്ലാ മെഡിക്കൽ ഓഫീസർമാർക്കും പരിശീലനം നൽകുകയും ട്രീറ്റ്മെന്റ് പ്രോട്ടോകോളുകൾ, ഗൈഡ് ലൈൻ എന്നിവ എല്ലാ സ്വകാര്യ ആശുപത്രികൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി എല്ലാ ജില്ലാ/ ജനറൽ ആശുപത്രികളിലും പനി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. പരിശോധനയിലൂടെ രോഗം സ്ഥിരീകരിക്കുന്നതിന് സാമ്പിളുകൾ പബ്ലിക്ക് ഹെൽത്ത് ലാബിലേക്കും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി എന്നിവയിലേക്കും അയക്കുന്നുണ്ട്. എല്ലാ അവശ്യ മരുന്നുകളുടെയും ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്.<br><br>എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ RPEID -Cell-ന്റെ നേതൃത്വത്തിൽ ആഴ്ചതോറും കൊതുക് ഉറവിട നിർമാർജ്ജനം ക്യാംപസിൽ നടത്തി വരുന്നു. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന്റെ സബ് സെന്ററുകളായ കളമശ്ശേരി അർബൻ ഹെൽത്ത് സെന്ററിലും മാലിപ്പുറം റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററിലും കൊതുക് ഉറവിട നശീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ബി) | രോഗബാധിതരായി എത്തുന്നവരെ എറണാകുളം ജനറൽ ആശുപത്രിയിലും കളമശ്ശേരി മെഡിക്കൽ കോളേജിലും സൗകര്യങ്ങൾ ഇല്ലാത്തതു കാരണം സ്വകാര്യ ആശുപത്രികളിലേക്ക് അയക്കുന്നത് ഒഴിവാക്കുന്നതിനായി എറണാകുളം ജനറൽ ആശുപത്രി, കളമശ്ശേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ? | (ബി) | എറണാകുളം ജനറൽ ആശുപത്രിയിലെ പുരുഷ വിഭാഗം മെഡിക്കൽ വാർഡിൽ ബെഡ്ഡുകളുടെ എണ്ണം 18-ൽ നിന്നും 42-ലേക്ക് ഉയർത്തിയിട്ടുണ്ട്. സ്ത്രീകളുടെ മെഡിക്കൽ വാർഡിൽ ബെഡ്ഡുകളുടെ എണ്ണം 18-ൽ നിന്നും 40-ലേക്ക് ഉടൻ ഉയർത്തും. ശരാശരി 20 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള പ്രത്യേക ഏരിയ സജ്ജമാക്കിയിട്ടുണ്ട്. എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡെങ്കിപ്പനി പരിശോധനയ്ക്ക് ആവശ്യമായ എല്ലാ ലാബ് സൗകര്യങ്ങളും നിലവിലുണ്ട്. മെഡിസിൻ വിഭാഗത്തിനു കീഴിൽ ഡെങ്കിപ്പനി ബാധിച്ച പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ട്. ICU ബെഡ്ഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ഡെങ്കിപ്പനി മൂർച്ഛിച്ചവർക്കും പ്രായമായവർക്കും മറ്റ് അസുഖങ്ങൾ ഉള്ളവർക്കും കിടത്തി ചികിത്സ നൽകി വരുന്നു. ഇല്ലാത്തവർക്ക് മരുന്ന് നൽകി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വീട്ടിലേക്ക് പറഞ്ഞുവിടുന്നു. ആശുപത്രിയിൽ പ്രവേശിപ്പിച്ചവർക്ക് ആവശ്യമായ |

| | | | |
|---|---|---|---|
| | | | ലാബ് ടെസ്റ്റുകളും മരുന്നുകളും നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പ്ലാസ്മ, പ്ലേറ്റ്‌ലറ്റ് എന്നിവ നൽകുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ